ഉത്തരം

(എ) ഹ്രസ്വകാല/ദീർഘകാല കാർഷികവായ്പകൾ വിതരണം ചെയ്യുന്നതിന് "നബാർഡിൽ"നിന്നും കഴിഞ്ഞ നാല് വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

	2001-2002	..	321.78 കോടി
	2002-2003	..	270.87 കോടി
	2003-2004	..	240.83 കോടി
	2004-2005	..	417.53 കോടി
(ബി)	2001-2002	..	1865.01 കോടി
	2002-2003	..	2137.21 കോടി
	2003-2004	..	2261.73 കോടി
	2004-2005	..	2253.00 കോടി

(താൽക്കാലിക കണക്കുകൾപ്രകാരം)

(സി) ഇല്ല.

(ഡി) ഇപ്പോൾത്തന്നെ ഉദാരമായ വ്യവസ്ഥയിലും പലിശനിരക്കിലുമാണ് വായ്പ നൽകിവരുന്നത്.

സഹകരണ സ്ഥാപനങ്ങൾക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

101 [566] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" *വി. ജെ. പൗലോസ്:*
" *കെ. മോഹൻ കുമാർ:*
" *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2005-ലെ കണക്കനുസരിച്ച് സഹകരണ സംഘങ്ങളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും കൊടുത്തിട്ടുള്ളതും അവയ്ക്ക് പിരിഞ്ഞു കിട്ടാനുള്ളതുമായ വായ്പ തുക എത്രയാണ്;

(ബി) ഇതിൽ കർഷകരിൽ നിന്ന് കിട്ടാനുള്ള തുക എത്രയാണ്;

(സി) എത്ര വായ്പകളിലായാണ് കർഷകരിൽനിന്ന് ഇത്രയും തുക കിട്ടാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് കിട്ടാക്കടം എത്രയാണ്;

(ഇ) എത്രപേരുടെ പേരിലാണ് ഈ കിട്ടാക്കടം എടുത്തിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) 30-6-2005 വരെ സഹകരണ സംഘങ്ങളിൽനിന്നും കൊടുത്തിട്ടുള്ള വായ്പകളിന്മേൽ 11169.56 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) 3004.26 കോടി രൂപ.

(സി) 16,87,023 വായ്പകളിലായിട്ടാണ് ഇത്രയും തുക കിട്ടാനുള്ളത്.

(ഡി) 316.26 കോടി രൂപ.

(ഇ) 2,91,479 പേർ.

സഹകരണ ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ

102 [567] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ എവിടംവരെയായെന്ന് വിശദീകരിക്കാമോ;

(ബി) ശമ്പളപരിഷ്കരണത്തെക്കുറിച്ച് ആലോചിക്കാൻ സംസ്ഥാന സഹകരണ ജീവനക്കാരുടെ ഏതെല്ലാം സംഘടനാ പ്രതിനിധികളുമായിട്ടാണ് ചർച്ച ചെയ്യുന്നത് എന്ന് വിശദീകരിക്കാമോ;

(സി) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സെന്ററിന്റെ പ്രതിനിധിയെ പ്രസ്തുത ചർച്ചയിൽ ഉൾപ്പെടുത്താനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് ശുപാർശകൾ സമർപ്പിക്കുന്നതിന് നിയമിച്ചിരുന്ന കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ശമ്പളപരിഷ്കരണ കമ്മിറ്റിയിൽ 14 അംഗങ്ങളാണുള്ളത്. അതിൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ (10 പേർ) താഴെ പറയുന്നവരാണ്:

1. പ്രസിഡന്റ്/സെക്രട്ടറി, കേരള സഹകരണ വർക്കേഴ്സ് ഫെഡറേഷൻ.
2. പ്രസിഡന്റ്/സെക്രട്ടറി, കേരള സഹകരണ എംപ്ലോയീസ് യൂണിയൻ.
3. പ്രസിഡന്റ്/സെക്രട്ടറി, കേരള സഹകരണ എംപ്ലോയീസ് ഫ്രണ്ട്.

LIBRARY ARCHIVES Kerala Legislative Assembly